പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1316

3.10.2016 ൽ
മറുപടിക്ക്

## ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിങ് നെറ്റ് വർക്ക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.ടി. തോമസ്<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. എം. വിൻസെന്റ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിങ് നെറ്റ് വർക്ക് നിലവിൽ വന്നിട്ടുണ്ടോ ; വിശദമാക്കുമോ; | എ) ഉണ്ട്. പോലീസിന്റെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്ന ദേശീയതലത്തിലുള്ള ഒരു ബൃഹത്ത് പദ്ധതിയാണ് ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് & സിസ്റ്റംസ് (CCTNS). പ്രസ്തുത പദ്ധതി സംസ്ഥാന തലത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് 19 പോലീസ് ജില്ലകളിലായി 481 പോലീസ് സ്റ്റേഷനുകളിൽ CCTNS ന്റെ ജനറൽ ഡയറി, എഫ്.ഐ.ആർ. രജിസ്ട്രേഷൻ എന്നീ മോഡ്യൂളുകൾ നടപ്പിലാക്കി. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; | ബി) കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണത്തിന് സഹായമാകുന്ന തരത്തിൽ ദേശീയതലത്തിൽ വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ അടിസ്ഥാന സൗകര്യ വികസനം ഒരുക്കുകയും, ആദ്യഘട്ടത്തിൽ രാജ്യവ്യാപകമായി 14,000 പോലീസ് സ്റ്റേഷനുകളും, 6000 അനുബന്ധ പോലീസ് ഓഫീസുകളും, അടുത്ത ഘട്ടത്തിൽ മറ്റിതര വകുപ്പുകളായ ജയിൽ, ട്രാൻസ്പോർട്ട്, എമിഗ്രേഷൻ, പാസ്പോർട്ട്, സെൻട്രൽ പോലീസ് ഏജൻസീസ് തുടങ്ങിയവയും കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധിപ്പിക്കുകയെന്നതുമാണ് പദ്ധതിയുടെ ലക്ഷ്യം. |
| സി) എത്ര പോലീസ് സ്റ്റേഷനുകളിലും ബന്ധപ്പെട്ട ഓഫീസുകളിലും ഇത് നടപ്പിൽ വരുത്തിയിട്ടുണ്ട്; | സി) 19 പോലീസ് ജില്ലകളിലായി 481 പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത ആപ്ലിക്കേഷന്റെ ഭാഗമായി ജനറൽ ഡയറി (GD), FIR എന്നീ മോഡ്യൂളുകൾ നടപ്പിലാക്കി. |

| | | | |
|---|---|---|---|
| ഡി) | ഇത് നടപ്പിൽ വരുത്താൻ എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭ്യമായത്? | ഡി) | കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച് കിട്ടിയ തുകയാണ് ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ചത്. പദ്ധതി നടപ്പിലാക്കുന്നത് പൂർണ്ണമായും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ്. |

സെക്ഷൻ ഓഫീസർ